# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5007 04.07.2012 -ൽ മറുപടിയ്ക്ക്**

**ഇന്റലിജൻസ് റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്ന നടപടി**

**ചോദ്യം**

ശ്രീ കോടിയേരി ബാലകൃഷ്ണൻ :

എ) സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം തലവൻ സംസ്ഥാന സർക്കാരിലേക്ക് 'രഹസ്യം' എന്ന് രേഖപ്പെടുത്തി നൽകുന്നതും, അനൗദ്യോഗികവും സ്ഥിരീകരിക്കാത്തതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും, സ്വീകർത്താവിന്റെ വ്യക്തിപരമായ ഉത്തരവാദിത്തത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ഫയലുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണെന്നും, പകർപ്പുകൾ മറ്റു വകുപ്പുകളിലേക്ക് ചുവടെഴുത്ത് നടത്താൻ പാടില്ലെന്നും നിഷ്കർഷിച്ച് നൽകുന്നതുമായ ഇന്റലിജൻസ് റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെ പൊതു സമാധാനത്തേയും ആഭ്യന്തര സുരക്ഷയേയും ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

**മറുപടി**

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി)

(എ) & (ബി) സംസ്ഥാനത്തിന്റെ പൊതുസമാധാനത്തേയും ആഭ്യന്തര സുരക്ഷയേയും ദോഷകരമായി ബാധിക്കുന്ന വിധത്തിൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ സർക്കാർ പരസ്യപ്പെടുത്താറില്ല. ഇന്റലിജൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മറ്റ് വകുപ്പുകളിൽ നിന്ന് നടപടി എടുക്കേണ്ടതുണ്ടെങ്കിൽ ആഭ്യന്തര വകുപ്പിൽ നിന്ന് ഇന്റലിജൻസ് റിപ്പോർട്ടിന്റെ പ്രസക്തഭാഗം പ്രസ്തുത വകുപ്പുകൾക്ക് നൽകാറുണ്ട്.

സെക്ഷൻ ഓഫീസർ